തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ടേൺ ഓവറിന്റെ അടിസ്ഥാനത്തിലല്ലാ അറാദായത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ പ്രൊഫെഷൻ ടാക്സ് പിരിക്കുന്നത്. എന്നാൽ അറാദായം കണക്കാക്കുന്നതിന് സാധിക്കാത്ത അവസരങ്ങളിൽ ടേൺഓവറിന്റെ നിശ്ചിത ശതമാനം ആദായമാക്കി കണക്കാക്കി അതിന്മേലാണ് നികുതി ചുമത്തുന്നത്.

(ബി) പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി അറിവില്ല.

മുനിസിപ്പൽ കമ്മീഷണറന്മാരുടെ സ്ഥലംമാറ്റം.

* 247. [67] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അസംബ്ലിക്കു ശേഷം എത്ര മുനിസിപ്പൽ കമ്മീഷണറന്മാരെ സ്ഥലം മാറ്റിയിട്ടുണ്ട്;

(ബി) ഈ സ്ഥലംമാറ്റം ആരുടെയെങ്കിലും പേരിൽ പരാതി വന്നതനുസരിച്ചാണോ;

(സി) ചേർത്തല മുനിസിപ്പൽ കമ്മീഷണരുടെ പേരിലുള്ള പരാതികളെപ്പറ്റി ചേർത്തല മുനിസിപ്പൽ കൌൺസിൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടു ചെയ്തോ;

(ഡി) എന്തു തീരുമാനമെടുത്തു?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആറുപേരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) ഈ സ്ഥലംമാറ്റങ്ങളെല്ലാം പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയതല്ല.

(സി) അന്വേഷണം നടത്തി.

(ഡി) കമ്മീഷണരുടെ ജോലിക്കു ടിയാൻ പ്രാപ്തനല്ലെന്നു കാണുകയാൽ അദ്ദേഹത്തിന്റെ സ്ഥിരം ലാവണത്തിലേക്കു തിരിച്ചയച്ചു.

വനവർഗ്ഗക്കാരുടെ സാമൂഹ്യനില നന്നാക്കാൻ ചെലവു്.

* 248. [68] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവർഗ്ഗക്കാരുടെ സാമൂഹ്യനിലകൾ നന്നാക്കാൻ കഴിഞ്ഞവർഷത്തെ ബഡ്ജറിൽ എത്ര രൂപാ നീക്കിവച്ചിരുന്നു;

(ബി) അതിൽ എത്ര രൂപാ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവു ചെയ്തിട്ടുണ്ട്;

(സി) ചെലവുകൾ ഏതെല്ലാം ഇനങ്ങളിൽ എത്രയെത്ര രൂപാ വീതമായിരുന്നു?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 2,00,000 രൂപാ നീക്കിവച്ചിരുന്നു.

(ബി) 1,26,326 രൂപാ 8 അണ 7 പൈസ ചെലവുചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly